പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 955 — 03.12.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ താമസിക്കുന്ന സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് താമസിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാന തൊഴിലാളികൾക്ക് ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് **(RE&CS)** ആക്ട് 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & CS) ആക്ട് 1996 എന്നിവ പ്രകാരം ജോലിസ്ഥലത്തും അതിനോട് ചേർന്നുള്ള ക്യാമ്പുകളിലും പരിശോധനകൾ നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് മതിയായ സാനിട്ടേഷൻ സൗകര്യങ്ങൾ താമസസ്ഥലങ്ങളിൽ നൽകാത്തതും ഭക്ഷണ അവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാത്തതും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിലുടമകൾക്ക് 'Work Prohibition Order' നൽകി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) മതിയായ താമസ സൗകര്യങ്ങൾ ഒരുക്കാതെ തൊഴിലാളികളെ താമസിപ്പിച്ച് പണിയെടുപ്പിക്കുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ബി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.